[Hon'ble Mr. T. M. Varghese]

മറ്റാളുകളോടും ചോദിക്കുകയുണ്ടായി. അവരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ അഭിപ്രായം ഈ പുസ്തകം മാറ്റിയേ തീരൂ എന്നില്ലെന്നാണ്.

ലിഫ്റ്റു ഇറിഗേഷൻ.

375. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ എവിടെയെല്ലാം, എത്ര ഏക്കർ, എത്ര ഏക്കർ, എത്ര ഏക്കർ ഈ വർഷങ്ങളിൽ ലിഫ്റ്റു ഇറിഗേഷൻ എപ്പെപ്പെട്ടതണമെന്നുള്ള അപേക്ഷകൾ ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ട്?

(ബി) അതിൽ എവിടെയെല്ലാം അനുവദിച്ചു?

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ അനുവദിക്കാതിരുന്നതിൻറെ കാരണമെന്തു?

HON'BLE MR. K. M. KORAH: (എ) പമ്പാ, മണിമല ഈ ആറുകളുടെ തീരത്തുള്ള പല പ്രദേശത്തുനിന്നും ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ താലൂക്കു തിരിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും, അതിനാൽ ആവശ്യപ്പെട്ടപ്രകാരം വർഷംതിരിച്ചുള്ള പട്ടിക നൽകുവാൻ സാധ്യമല്ലാത്തതുമാകുന്നു.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ ഫാതാതിനെതിരെ കാണിച്ചിട്ടുള്ള വർഷങ്ങളിൽ ലിഫ്റ്റു ഇറിഗേഷൻ നടത്തിയിട്ടുണ്ട്.

(എ) മുഴവങ്ങാടി — 1122, 1123, 1124.

(ബി) കവിയൂർ പമ്പു — 1123, 1124.

(സി) തോണ്ടറ നദിയുടെ വടക്കേക്കരയുള്ള നെൽപ്പാടങ്ങളും — 1124.

(ഡി) കറുർ നെൽപ്പാടങ്ങളും — 1124.

(സി) പമ്പാനദിയുടെ ഇരുചാർശ്വങ്ങളിലുമുള്ള നിലങ്ങൾക്ക് ലിഫ്റ്റു ഇറിഗേഷൻ ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു എസ്റ്റിമേറ്റു പരിഗണനയിൽ ഇരിക്കുന്നു.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാർ

376 MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യങ്ങൾക്കു തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻറെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly